## വൈദ്യുതി പുനഃസ്ഥാപിക്കാൻ രണ്ടുദിവസം വൈകി

# കെ.എസ്.ഇ.ബി. ഓഫീസ് ആക്രമിച്ച് യുവാവ്

**ജീവനക്കാർക്ക് മർദനമേറ്റു** · **ഓഫീസിലെ ഉപകരണങ്ങളും നശിപ്പിച്ചു**



അറസ്റ്റിലായ അജികുമാർ

**തിരുവല്ലം ▸** പണമടച്ചിട്ടും വീട്ടിലെ വൈദ്യുതിബന്ധം പുനഃസ്ഥാപിക്കാൻ രണ്ടുദിവസം വൈകിയതിന്റെ പേരിൽ പാച്ചല്ലൂരിലെ കെ.എസ്.ഇ.ബി. ഓഫീസിൽ അക്രമം കാട്ടിയ യുവാവ് ജീവനക്കാരെ കൈയേറ്റം ചെയ്തു. ഓഫീസിലെ കംപ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ നശിപ്പിച്ചു. തിരുവല്ലം മേനിലം പനറയക്കുന്ന് സ്വദേശി അജികുമാറി(38)നെ സ്ഥലത്തുനിന്ന് ബലപ്രയോഗത്തിലൂടെ പോലീസ് അറസ്റ്റുചെയ്തു.

ബുധനാഴ്ച പുലർച്ചെ 1.30-ഓടെയാണ് സംഭവം. കാറിൽ എത്തിയ യുവാവ് പുറത്ത് കാർ പാർക്കുചെയ്തശേഷമായിരുന്നു ജീവനക്കാരെ അസഭ്യം പറഞ്ഞതിനുശേഷം കെട്ടിടത്തിനും ഉപകരണങ്ങൾക്കും നാശനഷ്ടമുണ്ടാക്കിയതെന്ന് അസി. എൻജിനിയർ ഇന്ദുചൂഡൻ പറഞ്ഞു.

പണമടയ്ക്കാത്തതിനെത്തുടർന്ന് വെള്ളിയാഴ്ച രാവിലെ അജികുമാറിന്റെ വീട്ടിലെ വൈദ്യുതിബന്ധം വിച്ഛേദിച്ചിരുന്നു. വൈകീട്ട് എഴു മണിയോടെ ഓൺലൈനായി പണമടച്ചു. എന്നാൽ ശനിയും ഞായറും അവധിദിവസമായതിനാൽ തിങ്കളാഴ്ചയാണ് വൈദ്യുതി പുനഃസ്ഥാപിച്ചത്. ഇതിൽ പ്രതിഷേധിച്ചാണ് അജികുമാർ ബുധനാഴ്ച ഓഫീസിൽ എത്തി അക്രമം കാട്ടിയത്.

ഓഫീസിന്റെ മുൻവശത്തുള്ള രണ്ട് ജനാലകളുടെ ഗ്ലാസുകൾ കൈകൊണ്ട് ഇടിച്ചുപൊട്ടിച്ചു. ഇടിയുടെ ആഘാതത്തിൽ അജികുമാറിന്റെ കൈയിൽ പരിക്കേറ്റു.

ഇയാളെ തടയാൻ ശ്രമിച്ച ലൈൻമാൻമാരായ സജി, സുദർശൻ എന്നിവരെയും പരിക്കേൽപ്പിച്ചു.

ഇവരെ മർദിക്കുന്നത് തടഞ്ഞതിന് ഇലക്ട്രിക്കൽ വർക്കറായ ബ്രൈറ്റിന്റെ മുഖത്തും ഇയാൾ അടിച്ച് പരിക്കേൽപ്പിച്ചു എന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. ഒടുവിൽ ജീവനക്കാർ ബലംപ്രയോഗിച്ച് യുവാവിനെ തടഞ്ഞുവെച്ചു. മേലുദ്യോഗസ്ഥനെ വിവരമറിയിച്ചശേഷം തിരുവല്ലം പോലീസിനെ അറിയിക്കുകയായിരുന്നു.

ഏകദേശം 20000 രൂപയുടെ നഷ്ടമാണ് ഉണ്ടാക്കിയതെന്ന് എൻജിനീയർ പറഞ്ഞു. സർക്കാർ ഓഫീസിൽ കയറി അക്രമം നടത്തിയതിനും ജീവനക്കാരുടെ ഡ്യൂട്ടിക്ക് തടസ്സം വരുത്തിയതിനും തിരുവല്ലം പോലീസ് ഇയാൾക്കെതിരേ കേസെടുത്തു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



ഓഫീസിലെ ഉപകരണങ്ങൾ തകർത്തനിലയിൽ

### പോലീസ് സംരക്ഷണം ഉറപ്പാക്കണം

**തിരുവല്ലം ▸** പാച്ചല്ലൂരിൽ പ്രവർത്തിക്കുന്ന തിരുവല്ലം കെഎസ്.ഇ.ബി. ഓഫീസിൽ കയറിയ യുവാവ് ഓഫീസ് ഉപകരണങ്ങൾ അടിച്ചുതകർക്കുകയും ജീവനക്കാരെ മർദിച്ച കേസിലും സംയുക്ത തൊഴിലാളി സംഘടനകൾ പ്രതിഷേധിച്ചു.

രാത്രികാലങ്ങളിൽ കെ.എസ്.ഇ.ബി. ഓഫീസുകൾക്കു നേരേയുണ്ടാകുന്ന സമൂഹവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരേ പോലീസ് സംരക്ഷണം ഉറപ്പുവരുത്തണമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി.) സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് ആവശ്യപ്പെട്ടു.

മാധ്യമം

# കെ.എസ്.ഇ.ബി ഓഫീസ് അക്രമണത്തിൽ പ്രതിഷേധം

**തിരുവല്ലം:** കെ.എസ്.ഇ.ബി തിരുവല്ലം ഇലക്ട്രിക്കൽ സെഷൻ ഓഫീസിന് നേരെ കഴിഞ്ഞ ദിവസം രാത്രിയുണ്ടായ അക്രമത്തിൽ പ്രതിഷേധം.

ബുധനാഴ്ച വെളുപ്പിന് 1.30 ന് മദ്യലഹരിയിലെത്തിയ ആൾ വാതിൽ ചവിട്ടി തുറന്ന് അകത്ത് കയറി ജനൽ ചില്ലുകൾ തകർക്കുകയും ഫോണും കമ്പ്യൂട്ടറും ഉൾപ്പെടെയുള്ള ഉപകരണങ്ങൾക്ക് കേടുവരുത്തുകയുമായിരുന്നു. നൈറ്റ് ഡ്യൂട്ടിയി ഉണ്ടായിരുന്ന ജീവനക്കാരെ മർദ്ദിക്കുകയും ചെയ്തു.

സംഭവത്തിൽ പ്രതിഷേധിച്ച് കെ.ഇ.ഇ.സി (ഐ.എൻ.ടി.യു.സി), സി.ഐ.ടി.യു, എ.ഐ.ടി.യു.സി നേതാക്കളുടെ നേതൃത്വത്തിൽ സംയുക്ത തൊഴിലാളി സംഘടനകളുടെ യോഗം ചേർന്നു. കെ.എസ്.ഇ.ബി ഓഫീസുകൾക്ക് നേരെ വർധിക്കുന്ന സാമൂഹിക വിരുദ്ധ അക്രമണങ്ങൾ കണക്കിലെടുത്ത് പൊലീസ് സംരക്ഷണം ഉറപ്പുവരുത്തണമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) സംസ്ഥാന വർക്കിങ് പ്രസിഡൻറ് അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് ആവശ്യപ്പെട്ടു.

കേരളകൗമുദി
SINCE 1911
Epaper
08 Aug 2024

# മദ്യലഹരിയിൽ കെ.എസ്.ഇ.ബി ഓഫീസ് ആക്രമിച്ചയാൾ അറസ്റ്റിൽ

കോവളം: ബിൽ അടയ്ക്കാത്തതിനെ തുടർന്ന് വീട്ടിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതിന്റെ പ്രതികാരത്തിൽ കെ.എസ്.ഇ.ബി തിരുവല്ലം സെക്ഷൻ ഓഫീസ് ആക്രമിച്ചയാളെ തിരുവല്ലം പൊലീസ് അറസ്റ്റുചെയ്തു. മേനിലം കീഴെ പാലറ കുന്നിൽ ആട് സജി എന്ന അജികുമാറാണ് (43) പിടിയിലായത്.

ചൊവ്വാഴ്ച പുലർച്ചെ 1.30 ഓടെയാണ് സംഭവം. കാറിലെത്തിയ ഇയാൾ ഓഫീസിന്റെ പ്രധാന വാതിലിൽ ഇടിക്കുകയും ബഹളം വയ്ക്കുകയും ചെയ്തു. ജീവനക്കാർ വാതിൽ തുറന്ന് പുറത്തെത്തിയപ്പോൾ റിസപ്ഷനിൽ ഉണ്ടായിരുന്ന കമ്പ്യൂട്ടർ, ലാൻഡ് ഫോൺ, ഓഫീസ് ഉപകരണങ്ങൾ എന്നിവ എടുത്ത് നിലത്തടിക്കുകയും ജനാലച്ചില്ലുകൾ അടിച്ച് തകർക്കുകയും ചെയ്തു.

തടുക്കാൻ ശ്രമിച്ച ഓഫീസ് സ്റ്റാഫുകളായ ബ്രൈറ്റ്സിംഗ്ജോസഫ്, ലൈൻമാൻ സജി, സുദർശൻ എന്നിവർക്ക് നിസാര പരിക്കേറ്റു. തുടർന്ന് ജീവനക്കാർ വിവരമറിയിച്ചതിനെത്തുടർന്ന് പൊലീസെത്തി അക്രമിയെ കീഴ്പ്പെടുത്തുകയായിരുന്നു. പൂന്തുറ, നേമം, തിരുവല്ലം സ്റ്റേഷനുകളിൽ മദ്യപിച്ച് വാഹനം ഓടിച്ച് വഴിയാത്രക്കാരനെ ഇടിച്ചതുൾപ്പെടെ വിവിധ കേസുകളിൽ പ്രതിയാണിയാളെന്നും റൗഡി സംഘത്തിലെ അംഗമാണെന്നും പൊലീസ് പറഞ്ഞു.

ഏതാനും നാളുകൾക്കു മുമ്പ് വിച്ഛേദിച്ചിരുന്ന വൈദ്യുതി കണക്ഷൻ പണം അടച്ചതിനെ തുടർന്ന് പുനസ്ഥാപിച്ചിരുന്നതായി കെ.എസ്.ഇ.ബി അധികൃതർ പറഞ്ഞു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



*പ്രതി അടിച്ചു തകർത്ത കംപ്യൂട്ടറും ഓഫീസ് ഉപകരണങ്ങളും*

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Epaper

# കെഎസ്ഇബി ഓഫീസിന് നേരെ വീണ്ടും ആക്രമണം

തിരുവനന്തപുരം: ഇലക്ട്രിക്കൽ സെക്ഷൻ തിരുവല്ലം ഓഫീസിൽ ബുധനാഴ്ച വെളുപ്പിന് 1.30ന് മദ്യലഹരിയിൽ ഒരാൾ വാതിൽ ചവിട്ടി തുറന്ന് അകത്ത് കയറി ജനൽ ചില്ലുകൾ അടിച്ചു പൊട്ടിക്കുകയും ഫോണും കമ്പ്യൂട്ടറും ഉൾപ്പെടെയുള്ള ഉപകരണങ്ങൾക്ക് കേടുവരുത്തുകയും നൈറ്റ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ജീവനക്കാരെ മർദ്ദിക്കുകയും ചെയ്തു. കെഎസ്ഇബി അധികൃതരുടെ പരാതി പ്രകാരം തിരുവല്ലം പോലീസ് സ്ഥലത്തെത്തി അക്രമിയെ അറസ്റ്റ് ചെയ്തു. കെഇഇസി (ഐഎൻടിയുസി), സിഐടിയു, എഐടിയുസി നേതാക്കളുടെയും കൺസ്യൂമേഴ്സിന്റെയും സാന്നിധ്യത്തിൽ ചേർന്ന സംയുക്ത തൊഴിലാളി സംഘടനകളുടെ പ്രതിഷേധ യോഗത്തിൽ ഗുണ്ടാ ആക്രമണത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. പൊലീസിന്റെ റൗഡി ലിസ്റ്റിൽ ഉൾപ്പെട്ട ഇയാളെ മാതൃകാപരമായി ശിക്ഷിക്കണമെന്നും യോഗം സംയുക്തമായി ആവശ്യപ്പെട്ടു. രാത്രികാലങ്ങളിൽ കെഎസ്ഇബി ഓഫീസുകൾക്ക് നേരെ വർധിച്ചുവരുന്ന സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളെ കണക്കിലെടുത്ത് ഓഫീസിനും ജീവനക്കാർക്കും പൊലീസ് സംരക്ഷണം ഉറപ്പുവരുത്തണമെന്ന് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് ആവശ്യപ്പെട്ടു.